File No.PLGEA-D2/35/2020-PLGEA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ ഒരെണ്ണം വയനാട് ജില്ലാ ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.254/2020/പ്ലാനിംഗ്** തീയതി, തിരുവനന്തപുരം, 10/06/2020

---

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 06.03.2020 തീയതിയിലെ ഡിഇഎസ്/709/2020-ഇഎ (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലാ ആഫീസ് ഇവാല്യുവേഷൻ വിങ്ങിലെ ഉദ്യോഗസ്ഥൻ (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I ) നിർവ്വഹിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ജോലികൾക്കു പുറമെ മണ്ണുസംരക്ഷണപഠന സർവ്വേയുടെ ഭാഗമായിട്ടുള്ള ജോലികൾ കൂടി നിർവ്വഹിക്കേണ്ടിവരുന്ന സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തിക ടി ജില്ലാ ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിലേയ്ക്കായി പരാമർശം പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശുപാർശ ലഭ്യമാക്കിയിരുന്നു.

2. മണ്ണുസംരക്ഷണ വകുപ്പിന് കൂടുതൽ ഉപയോഗപ്രദമായ രീതിയിൽ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 2019-2020 വർഷം മുതൽ വയനാട് ജില്ലയിൽ മണ്ണുസംരക്ഷണ പഠന സർവ്വേ ആരംഭിക്കേണ്ടതാണെന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട്

ലഭ്യമാക്കിയിട്ടുണ്ട്. ഗ്രേഡ് 2 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെയും ഓഫീസ് അറ്റൻഡന്റർമാരുടെയും ഡ്രൈവറുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ, നിയമസഭാചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കൽ എന്നീ ജോലികൾ നിർവ്വഹിക്കുന്ന വയനാട് ജില്ലാ ഓഫീസിലെ ഇവാല്യുവേഷൻ വിങ്ങിലെ ഉദ്യോഗസ്ഥന് ടി ജോലികൾക്കു പുറമെ മണ്ണുസംരക്ഷണ പഠന സർവ്വേ കൂടി ഏല്പിക്കുന്നപക്ഷം സർവ്വെയുടെയും ജില്ലയിലെ എസ്റ്റാബ്ലിഷ്മെന്റ് ജോലികളുടെയും സുഗമമായ നടത്തിപ്പിന് ആയത് മുഖാന്തിരം ബുദ്ധിമുട്ട് നേരിടേണ്ടി വരുമെന്നും ജില്ലയിൽ നിലവിലുള്ള 3 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികകളിൽ ഒരു തസ്തിക എൻ.എസ്.എസ്. സർവ്വെയ്ക്ക് വേണ്ടിയും മറ്റൊരു തസ്തിക ജില്ലയിലെ വിവിധതരം വിലശേഖരണം നടത്തുന്നതിനുവേണ്ടിയും മൂന്നാമത്തെ തസ്തിക എ.എസ്.ഐ സർവ്വേയ്ക്കു വേണ്ടിയും നീക്കിവെച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലയിലെ വേജ് സ്ട്രക്ചർ ആന്റ് ബിൽഡിംഗ് മെറ്റീരിയൽസ് പ്രൈസ് സർവ്വേയും പാരിറ്റി ഇൻഡക്സ് വിലശേഖരണവും സർവ്വേ ഉദ്യോഗസ്ഥനാണ് നിർവ്വഹിച്ചുവരുന്നത്. മേൽ സാഹചര്യത്തിൽ, ഇവാല്യുവേഷൻ ഹെഡിൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനെ മണ്ണുസംരക്ഷണ സർവ്വെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയാണെങ്കിൽ ടിയാൻ കൈകാര്യം ചെയ്തുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ നിർവ്വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥന്റെ കുറവുണ്ടാകുമെന്നും ആയതിനാൽ, ടി എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ കൈകാര്യം ചെയ്യുന്നതിന് ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തിക വയനാട് ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് അനുവദിക്കുന്നതിലേയ്ക്കുമാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ ആഫീസ് ഇവാല്യുവേഷൻ വിങ്ങിലെ ഉദ്യോഗസ്ഥൻ നിർവ്വഹിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ജോലികൾക്കു പുറമെ മണ്ണുസംരക്ഷണപഠന സർവ്വേയുടെ ഭാഗമായിട്ടുള്ള ജോലികൾ കൂടി നിർവ്വഹിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ജോലിഭാരം കണക്കിലെടുത്ത് ടി എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തിക വയനാട് ജില്ലാ ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**File No.PLGEA-D2/35/2020-PLGEA**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SATHY.K

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം
2. ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ലാ ആഫീസ് (സാമ്പത്തിക സ്ഥിതിവിവിരക്കണക്ക് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം. തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
5. വെബ് ആന്റ് ന്യൂമീഡിയ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ